# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1559 — 10/02/2020-ൽ മറുപടിയ്ക്ക്

### ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് പയ്യമ്പലത്ത് വൈദ്യുത ശ്മശാനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.കെ.എം.ഷാജി** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | കണ്ണൂർ പയ്യാമ്പലത്ത് ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് വൈദ്യുത ശ്മശാനം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണവകുപ്പ് ഡി.ബി3/249/18 നമ്പർ ഫയലിൻമേൽ അന്തിമ ഉത്തരവ് ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | എ) ബി) & സി) | കണ്ണൂർ കോർപ്പറേഷനിലെ പയ്യാമ്പലത്ത് നിർമ്മിക്കുന്ന ആധുനിക രീതിയിലുള്ള വാതക ശ്മശാനത്തിന്റെ ഡി.പി.ആർ തയ്യാറാക്കുന്നതിന് സ്പെയ്സ് ആർട്ട് ഗോൾഫ് ലിങ്ക് റോഡ്, മാലാപ്പറമ്പ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുന്നതിന് അനുമതി ലഭ്യമാക്കണമെന്ന ആവശ്യം സർക്കാർ പരിശോധിച്ച് വരുന്നു. കോഴിക്കോട് ജില്ലയിലെ ഉള്ളിയേരി ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കുന്ന പ്രശാന്തി ഗാർഡൻ മോഡൽ ക്രിമറ്റോറിയത്തിന്റെ ഡി.പി.ആർ സ്പേയ്സ് ആർട്സ് തൃപ്തികരമായി തയ്യാറാക്കിയോയെന്ന വിവരം ലഭ്യമാക്കാൻ തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയറോട്ടും പഞ്ചായത്ത് ഡയറക്ടറോട്ടും ആവശ്യപ്പെട്ടിട്ടുണ്ട്. ടി റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മേൽ ആവശ്യത്തിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| ബി) | ഈ ഫയലിൽ മതിയായ റിപ്പോർട്ടുകൾ ഉണ്ടായിട്ടും ഒന്നരവർഷമായി അന്തിമ ഉത്തരവ് ലഭ്യമാക്കാത്തതിൽ ഉദ്യോഗസ്ഥതലത്തിൽ വീഴ്ച ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കാമോ; | | |
| സി) | ഈ വിഷയത്തിൽ അന്തിമ ഉത്തരവ് എന്നത്തേയ്ക്ക് നൽകുമെന്ന് വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| ഡി) | മറ്റേതെങ്കിലും മണ്ഡലത്തിലേയ്ക്ക് സമാനവിഷയത്തിൽ ഇതിനുമുൻപ് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ? | ഡി) | കോഴിക്കോട് ജില്ലയിലെ ഉള്ളിയേരി ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കുന്ന പ്രശാന്തി ഗാർഡൻ മോഡൽ ക്രിമറ്റോറിയത്തിന്റെ ഡി.പി.ആർ തയ്യാറാക്കുന്നതിന് സ്പെയ്സ് ആർട്ട്സ് എന്ന സ്ഥാപനത്തെ 08.05.2018 ലെ സ.ഉ(സാധാ) നം. 1291/18/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

(signature)
സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ല - ഉള്ളിയേരി ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കുന്ന പ്രശാന്തി ഗാർഡൻ മോഡൽ ക്രിമറ്റോറിയം - ഡി.പി.ആർ തയ്യാറാക്കുന്നതിന് സ്പെയ്സ് ആർട്ട് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ) നം.1291/18/തസ്വഭവ തിരുവനന്തപുരം, തീയതി, 08.05.2018

വായന:- ശ്രീ.പുരുഷൻ കടലുണ്ടി എം.എൽ.എയുടെ 05/02/18 ലെ കത്ത്.

## ഉത്തരവ്

കോഴിക്കോട് ജില്ലയിലെ ഉള്ളിയേരി ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കുന്ന പ്രശാന്തി ഗാർഡൻ മോഡൽ ക്രിമറ്റോറിയത്തിന്റെ ഡി.പി.ആർ തയ്യാറാക്കുന്നതിന് സ്പെയ്സ് ആർട്ട്, ഗോൾഫ് ലിങ്ക് റോഡ്, പച്ചാക്കിൽ, മലാപ്പറമ്പ്, കാലിക്കറ്റ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി ഉത്തരവാകണമെന്ന് മുകളിൽ വായിച്ച കത്ത് പ്രകാരം ബാലുശ്ശേരി എം.എൽ.എ ശ്രീ.പുരുഷൻ കടലുണ്ടി ആവശ്യപ്പെട്ടിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് കോഴിക്കോട് ജില്ലയിലെ ഉള്ളിയേരി ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കുന്ന പ്രശാന്തി ഗാർഡൻ മോഡൽ ക്രിമറ്റോറിയത്തിന്റെ ഡി.പി.ആർ തയ്യാറാക്കുന്നതിന് സ്പെയ്സ് ആർട്ട്, ഗോൾഫ് ലിങ്ക് റോഡ്, പച്ചാക്കിൽ, മലാപ്പറമ്പ്, കാലിക്കറ്റ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നിരക്ക് നിലവിലുള്ള ഉത്തരവുകൾ പ്രകാരം അനുവദനീയമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എൻ. വിശ്വമതൻ ആചാരി**
ജോയിന്റ് സെക്രട്ടറി

ശ്രീ.പുരുഷൻ കടലുണ്ടി, എം.എൽ.എ (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, ,സ്പെയ്സ് ആർട്ട്, ഗോൾഫ് ലിങ്ക് റോഡ്,
പച്ചാക്കിൽ, മലാപ്പറമ്പ്, കോഴിക്കോട്.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
പ്രസിഡന്റ്/സെക്രട്ടറി, ഉള്ളിയേരി ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ